ഉദ്യോഗസ്ഥൻമാരുടെ ശമ്പളം

* 106 (378) ശ്രീ. എം. കെ. ദിവാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ;

(എ) 1968–നു ശേഷം കേരളാ സ്റ്റേറ്റിലെ ഉദ്യോഗസ്ഥൻമാർക്കു വേണ്ടി ശമ്പളം മുതലായവയ്ക്ക് എന്തു തുക കൂടുതലായി ചെലവാക്കിയിട്ടുണ്ട്;

(ബി) സ്റ്റേറ്റിന്റെ മൊത്തം വരുമാനത്തിൽ എത്ര ശതമാനം ശമ്പളം തുടങ്ങിയ ഇനങ്ങളിലായി ഉദ്യോഗസ്ഥൻമാർക്കുവേണ്ടി ചെലവാക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ?

മുഖ്യമന്ത്രി (ശ്രീ. സി. അച്യുതമേനോൻ):

(എ) 1965–66–ലെ കണക്കും 1969–70–ൽ പ്രതീക്ഷിക്കുന്ന ചെലവും താരതമ്യപ്പെടുത്തിയാൽ എയിഡഡ് സ്കൂൾ സ്റ്റാഫ് ഉൾപ്പെടെ സംസ്ഥാനത്തെ ഉദ്യോഗസ്ഥൻമാർക്ക് വേണ്ടി ശമ്പളം അലവൻസുകൾ തുടങ്ങിയവയ്ക്കു വേണ്ടി 1965–66–നെ അപേക്ഷിച്ച് 43.58 കോടി രൂപ കൂടുതലായിചെലവാകുമെന്ന് കണക്കാക്കാം.

(ബി) 1965–66 മുതൽ 1969–70 വരെയുള്ള ഓരോ വർഷത്തിലെയും എയിഡഡ് സ്കൂൾ സ്റ്റാഫ് ചേർന്നുള്ള ഉദ്യോഗസ്ഥൻമാരുടെ ശമ്പളം അലവൻസ് എന്നീ ഇനങ്ങളിൽ കണക്കാക്കപ്പെടുന്ന ചെലവു സംസ്ഥാനത്തിന്റെ മൊത്തം വരുമാനത്തിന്റെ എത്ര ശതമാനമെന്ന് താഴെക്കുറിക്കുന്നു.

| | |
|---|---|
| 1965–66 | 52.81 ശതമാനം. |
| 1966–67 | 48.08 ശതമാനം |
| 1967–68 | 51.83 ശതമാനം |
| 1968–69 | 57.26 ശതമാനം |
| 1969–70 | 64.27 ശതമാനം |

അഡ്വാൻസ് ഇൻക്രിമെന്റ്

* 107 (387) ശ്രീ. പി. പി. ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഡൈസർ ഭരണകാലത്ത് നടന്ന എൻ. ജി. ഒ. സമരത്തിൽ പങ്കെടുക്കാത്തവർക്ക് അഡ്വാൻസ് ഇൻക്രിമെന്റ് നൽകപ്പെടുകയുണ്ടായോ;

(ബി) ഉണ്ടെങ്കിൽ 1967–ൽ അധികാരത്തിൽ വന്ന ഗവൺമെന്റ് പ്രസ്തുത ഇൻക്രിമെന്റ് നിറുത്തൽ ചെയ്തുവോ;

(സി) ഇതിനെതിരായി ഹൈക്കോടതിയിലുണ്ടായ കേസിന്റെ വിധി എന്തായിരുന്നു;

(ഡി) ഈ വിധിയുടെ അടിസ്ഥാനത്തിൽ എന്തെങ്കിലും നടപടികളെടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. സി. അച്യുതമേനോൻ):

(എ) നൽകുകയുണ്ടായി.

(ബി) പോലീസ്, ഫയർഫോഴ്സ് ജയിൽ ജീവനക്കാർ ഒഴിച്ച് ബാക്കിയുള്ളവരുടെ ഇൻക്രിമെന്റ് 30–4–1967 മുതൽ നിറുത്തൽചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

(സി) അഡ്വാൻസ് ഇൻക്രിമെന്റ് നിറുത്തലാക്കിക്കൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിച്ചത്, ബന്ധപ്പെട്ട ജീവനക്കാർക്ക് അവരുടെ വാദഗതികൾ ഉന്നയിക്കുവാൻ അവസരം നൽകാതെയാണ് എന്ന കാരണത്താൽ, കോടതി, ആ ഉത്തരവ് റദ്ദുചെയ്തു.

(ഡി) ഇക്കാര്യം ഗവൺമെന്റിന്റെ പരിഗണനയിലിരിക്കുകയാണ്".

## UNSTARRED QUESTIONS AND ANSWERS

### പഞ്ചായത്തു് എലക്ഷൻ

45. [378] ശ്രീ. എൻ. കണപതി: കീഴ് കാണും വിഞ്ക്കളുക്കു സ്തല ആട്ചി മന്തിരി അവർകൾ വിടൈ പകർവാർകളാക:

(എ) കേരളത്തിൽ പഞ്ചായത്തു് എലക്ഷൻ എപ്പോഴു് തിട്ടമാക നടത്തപ്പെടും;

(ബി) അതൈ നടത്തുവതിൽ തറ്പോതു് ഉള്ള തടൈകൾ എന്നെന്ന എന്റു വിവരമാകക് കൂറപ്പടുമാ;

(സി) പഞ്ചായത്തു് എലക്ഷൻകൾ നടത്തുവതറ്കു് ആകും ചെലവു് എവ്വളവു് എന്റു കൂറപ്പടുമാ?

**Answer**

(a) Panchayat Elections will be conducted before 1st August, 1970.

(b) The Panchayat elections were scheduled to be conducted in January 1970 on the basis of the revised Panchayat Electoral rolls published on 15-11-1969. But consequent on the decision of the Election Commission to intensively revise and publish the Assembly Electoral rolls on 15-1-1970, the conduct of Panchayat elections on the basis of the rolls revised and published on 15-11-1969 will be inconsistent with the provisions in Section 15 of the Kerala Panchayats Act. Hence the conduct of the Elections had to be pos poned till copies of the Electoral rolls are made available to the Panchayat Department by the Election Department.

(c) The approximate expenditure for the conduct of a general election to the Panchayats in the State will be about Rs. 12 lakhs.

### ലോവർ ഗ്രേഡ് ജീവനക്കാരുടെ നിവേദനം

46 (391) ശ്രീ. ടി. എം. മീതിയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോവർ ഗ്രേഡ് ജീവനക്കാരുടെ അടിയന്തിരാവശ്യങ്ങൾ അടങ്ങുന്ന ഒരു നിവേദനം ഗവൺമെന്റിനു ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിൽ ഉന്നയിച്ചിരിക്കുന്ന ആവശ്യങ്ങൾ എന്തെല്ലാം;

(സി) അവയിൻമേൽ ഗവൺമെന്റ് എന്തു തീരുമാനമെടുത്തു;

(ഡി) അവശത അനുഭവിക്കുന്നവരും അൽപ്പശമ്പളക്കാരുമായ ഈ വിഭാഗക്കാരുടെ കാര്യം പ്രത്യേകം പരിഗണിച്ചു വേണ്ട നടപടി കൈക്കൊള്ളുമോ?

LIBRARY ARCHIVES Kerala Legislative Assembly